# ദൈവാലോചനയുടെ പ്രാധാന്യം

## 2 ശമുവേൽ 2:1

**"അനന്തരം ദാവീദ് യഹോവയോടു; ഞാൻ യെഹൂദ്യനഗരങ്ങളിൽ ഒന്നിലേക്കു ചെല്ലണമോ എന്നു ചോദിച്ചു."**

ശൗൽ രാജാവ് തന്നെ നിരന്തരം വേട്ടയാടിയപ്പോൾ ദാവീദ് യിസ്രായേൽ രാജ്യത്തിന്നു പുറത്ത് ഫെലിസ്ത്യരുടെ ഒരു പട്ടണത്തിൽ അഭയം തേടി അവിടെ പാർക്കുമ്പോൾ ശൗൽ ഫെലിസ്ത്യരുമായുള്ള യുദ്ധത്തിൽ മരിച്ചു പോയി എന്ന വാർത്ത ദാവീദിന്നു ലഭിക്കുന്നു. സ്വാഭാവികമായും ദാവീദിന് തന്റെ കൂടെയുള്ള സൈന്യത്തെയും കൂട്ടി സ്വദേശത്തേക്ക് മടങ്ങിപ്പോകുന്നതിന് തടസ്സങ്ങൾ ഒന്നും ഉണ്ടായിരുന്നില്ല. എങ്കിലും അത് ദൈവഹിതം ആണെങ്കിൽ മാത്രം മതി എന്ന് ദാവീദ് തീരുമാനിച്ചു. അങ്ങനെ താൻ ദൈവത്തോട് ആലോചന ചോദിക്കുന്ന സന്ദർഭമാണ് നാം മേൽ വായിച്ചു കണ്ടത്.

ജീവിതത്തിന്റെ ഓരോ ചുവടുവയ്പ്പുകളിലും ദൈവത്തിന്റെ ഹിതവും ആലോചനയും ആരായണമെന്നു പഠിപ്പിക്കുന്ന ഒരു സംഭവമാണിത്. സാഹചര്യങ്ങൾ അനുകൂലമായതു കൊണ്ടു മാത്രം ചെയ്യാം എന്നല്ല ദൈവത്തിന്നു ഹിതമായതു കൊണ്ടു ചെയ്യാം എന്നാണ് നാം ചിന്തിക്കേണ്ടത്. ദൈവത്തിൽ ആശ്രയിക്കുന്ന ഓരോരുത്തരും ഈ മനോഭാവമുള്ളവരാകണം. ഏതു കാര്യത്തിനും ദൈവത്തോട് ആലോചന ചോദിച്ച് അതിനനുസരിച്ച് ഓരോ തീരുമാനവും കൈക്കൊള്ളണം. നമുക്ക് അനുകൂലം എന്ന് ഇപ്പോൾ തോന്നുന്ന കാര്യങ്ങൾ, ഒരുപക്ഷെ കുറച്ചു കാലം കൂടി കഴിയുമ്പോൾ എതിരായിക്കൂടെന്നില്ല. എന്നാൽ വരാനുള്ളതും അറിയുന്ന ദൈവത്തിന്റെ ആലോചന അനുസരിച്ചാണ് മുമ്പോട്ട് പോകുന്നതെങ്കിൽ ഓരോ ഘട്ടത്തിലും ദൈവം തന്നെ നമ്മെ കൈപിടിച്ചു നടത്തും.

പ്രതികൂലങ്ങൾ ഉള്ളപ്പോൾ മാത്രമല്ല ദൈവാലോചന ചോദിച്ചനുസരിക്കേണ്ടത്. മറ്റൊരുവിധത്തിൽ പറഞ്ഞാൽ നമുക്ക് കൊള്ളാമെന്നു തോന്നുന്നതെല്ലാം അങ്ങനെ ആയിക്കൊള്ളണമെന്നില്ല. ആകയാൽ ദൈവഹിതം തിരിച്ചറിഞ്ഞ് അത് മാത്രം അനുസരിക്കാം. ദൈവം നമ്മെ അനുഗ്രഹിക്കുമാറാകട്ടെ.

**പരാമർശം:**

സദൃ.വാക്യങ്ങൾ 3:5-6

പൂർണ്ണഹൃദയത്തോടെ യഹോവയിൽ ആശ്രയിക്ക; സ്വന്ത വിവേകത്തിൽ ഊന്നരുതു. നിന്റെ എല്ലാ വഴികളിലും അവനെ നിനെച്ചുകൊൾക; അവൻ നിന്റെ പാതകളെ നേരെയാക്കും.

ബ്രദർ. ബിനു ബേബി ആലപ്പുഴ 136